**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

30.11.2018 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 894

**വരയാടുകളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ..എ.നെല്ലിക്കുന്ന് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് വരയാടുകളുടെ ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വംശനാശ ഭീഷണി നേരിടുന്ന വരയാടുകളുടെ സംരക്ഷണത്തിനു വേണ്ടി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) വരയാടുകളുടെ ആവാസവ്യവസ്ഥ നിരീക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പ്രൊട്ടക്ഷൻ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.. അവയുടെ ആവാസകേന്ദ്രം പുൽമേടുകൾ ആയതിനാൽ വേനൽക്കാലത്ത് കാട്ടുതീ പടരാതിരിക്കാൻ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ വനപാലകർക്ക് വാഹന സൗകര്യം, വയർലസ്സ് സൗകര്യം എന്നിവ നൽകിയും , വനത്തിനുള്ളിൽ ക്യാമറാ ട്രാപ്പുകൾ, ആന്റിപോച്ചിംഗ് ഷെഡുകൾ എന്നിവ സ്ഥാപിച്ചും ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ പങ്കാളിത്തത്തോടെ ഇവയുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ മാനേജ്മെന്റ് പ്ലാൻ നിഷ്കർഷിക്കുന്ന വിധത്തിലുള്ള ആവാസ വ്യവസ്ഥ പുനരുജ്ജീവന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |
| (സി) പേപ്പാറ, നെയ്യാർ, പീച്ചി-വാഴാനി, പറമ്പിക്കുളം, സൈലന്റ്‌വാലി, ചിന്നാർ എന്നിവിടങ്ങളിൽ കാണുന്ന വരയാടുകളുടെ ചെറുസംഘങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - സ്പീഷീസ് റിക്കവറി പ്രോഗ്രാം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ഇരവികുളം ദേശീയോദ്യാനം, സൈലന്റ് വാലി ദേശീയോദ്യാനം എന്നിവിടങ്ങളിലെ വരയാടുകളുടെ ചെറുസംഘങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. നിലവിലുള്ള ജീവനക്കാരുടേയും ദിവസ വേതന വാച്ചർമാരുടേയും സഹകരണത്തോടെ മറ്റു സംരക്ഷണ പ്രവർത്തനത്തോടൊപ്പം വംശനാശ ഭീഷണി നേരിടുന്ന വരയാടുകളുടെ സംരക്ഷണവും ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ